PAIN AND PALLIATIVE CARE SOCIETY

# Reaching Out

Quarterly of Pain and Palliative Care Society, Thrissur

VOLUME 15 ● ISSUE 1 ● MARCH 2019













## പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെ അനുബന്ധ യൂണിറ്റിലെ

## സരായ് പകൽവീട്



# എഡിറ്റോറിയൽ

**ഇക്കഴിഞ്ഞ** മാർച്ച് ഇരുപതിന് മാധ്യമങ്ങളിൽ കൗതുകകരമായ ഒരു വാർത്ത വന്നിരുന്നു. കൊച്ചിയിലെ ഒരു ദമ്പതികൾക്ക് ഹൈക്കോടതി അസാധാരണമായ ഒരു ശിക്ഷ വിധിച്ചിരിക്കുന്നു. എറണാകുളം ജനറൽ ആശുപത്രിയിലെ പാലിയേറ്റീവ് കെയറിൽ നൂറുമണിക്കൂർ സേവനം ചെയ്യാനായിരുന്നു വിധി. ബാങ്ക് വായ്പയിൽ പിഴവു വരുത്തിയതുമായി ബന്ധപ്പെട്ട ഒരു കേസിൽ പുരയിടം ലേലത്തിൽ വക്കാനുള്ള കോടതി നിർദ്ദേശം ധിക്കരിച്ചതിനായിരുന്നു, പിഴ. ജനറൽ ആശുപത്രി അധികൃതരോട് ദമ്പതികളുടെ സേവനപ്രവർത്തനത്തിന്റെ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പുതുമയുള്ള ഒരു  വാർത്ത തന്നെയാണിത്. എന്നാൽ തൃശ്ശൂരിലെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയ്ക്ക് ഇതിൽ വലിയ പുതുമയൊന്നുമില്ല. 2013 മുതൽ തൃശ്ശൂരിലെ ജുവനൈൽ ജസ്റ്റീസ് ബോർഡ് പതിനെട്ട് വയസ്സിനു താഴെയുള്ള ആൺകുട്ടികളെ സ്വഭാവ നവീകരണത്തിനായി  ഈ പാലിയേറ്റീവ് കെയർ സെന്ററിലേയ്ക്ക് ഇരുപതുമണിക്കൂർ സേവനം ചെയ്യാനായി അയക്കാറുണ്ട്. ഞങ്ങളാകട്ടെ, അവരെ പൂർണ്ണമനസ്സോടെ സ്വീകരിക്കുകയും ഇവിടത്തെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാറുമുണ്ട്.  ശയ്യാവലംബികളായ രോഗികളെയും ആസന്നമരണരായവരെയും പരിചരിക്കുക വഴി സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പാരസ്പര്യത്തിന്റെയും ഒരു പുതുലോകമാണ് അവർക്ക് തുറന്നു കിട്ടുന്നത്. ഈ കുട്ടികളുടെ മനോഭാവത്തിൽ വരുന്ന ഗുണപരമായ മാറ്റം കാണുന്നതുതന്നെ ആഹ്ളാദകരമായ അനുഭവമായിരുന്നു. ജുവനൈൽ ജസ്റ്റീസ് ബോർഡിലെ മജിസ്ട്രേറ്റിനും ഈ ഫലപ്രാപ്തി വളരെയധികം സംതൃപ്തി നൽകിയിരുന്നു എന്നു വേണം മനസ്സിലാക്കാൻ.

എന്തുകൊണ്ടായിരിക്കും കോടതി പാലിയേറ്റീവ് കെയർ പ്രവർത്തനം വഴി തെറ്റിയ ആത്മാക്കളെ നേർവഴി നയിക്കാനുള്ള ഒരുപാധിയായി കാണുന്നതെന്ന കാര്യം നാം ആലോചനാവിഷയമാക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഒരന്തരീക്ഷം നൽകുന്നു എന്നതുതന്നെയാണ് പ്രധാന കാരണം. ദുരിതമനുഭവിക്കുന്നവരുമായി സംവദിക്കുമ്പോൾ നമ്മൾ സ്വീകരിക്കേണ്ട മനോഭാവത്തെ പാലിയേറ്റീവ് കെയറിന്റെ ഉപജ്ഞാതാവായ സിസിലി സോണ്ടേഴ്സ് പ്രകാശിപ്പിക്കുന്നത് ഇപ്രകാരമാണ്. നിങ്ങൾ എന്താണോ ആ നിലയ്ക്കുതന്നെ നിങ്ങൾ പരിഗണിക്കപ്പെടേണ്ട ഒരു വ്യക്തിത്വമാണ്. (you matter because you are you) വ്യക്തികൾ എന്താണോ, എങ്ങനെയാണൊ അങ്ങനെത്തന്നെ അംഗീകരിക്കുന്ന ആ മനോഭാവം തന്നെയാണ് മനുഷ്യർക്ക് വളരാനും വികസിക്കാനും വേണ്ട പ്രാഥമികമായ മുന്നുപാധി. ഈ ഒരു വാസ്തവത്തെ ജ്ഞാനികളായ ന്യായാധിപർ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തിരിക്കുന്നു എന്നാണ് മനസ്സിലാവുന്നത്.

കോടതിയുടെ ഈ തീരുമാനം നമ്മുടെ കണ്ണുതുറപ്പിക്കുന്ന ഒന്നാണ്. നമ്മിലേയ്ക്കുതന്നെ ചുഴിഞ്ഞിറങ്ങി ഒരാത്മ പരിശോധന നടത്താനുള്ള പ്രേരണ അത് നൽകുന്നുണ്ട്. സമൂഹത്തിന് നമ്മളിൽ വലിയ പ്രതീക്ഷയാണുള്ളത്. സമൂഹം നമുക്ക് നൽകിവരുന്ന നിർലോഭമായ സഹകരണം അതിന്റെ സാക്ഷ്യമാണ്. അവരുടെ പ്രതീക്ഷകൾക്കൊത്തുയരാൻ നമുക്ക് ബാധ്യതയുണ്ട്. അതിനായി ചെയ്യേണ്ടത് പാലിയേറ്റീവ് കെയറിന്റെ അടിസ്ഥാന തത്വങ്ങളെ മുറുകെ പിടിക്കുക മാത്രമാണ്. നമ്മുടെ പ്രവർത്തനങ്ങളെ സ്നേഹം, സഹാനുഭൂതി, നിരുപാധികമായ ആദരവ് (Unconditional Positive Regard) എന്നീ തത്വങ്ങളിൽ അടിസ്ഥാനപ്പെടുത്തുക; ഒപ്പം ജനാധിപത്യപരമായ പ്രവർത്തന ശൈലി വിടാതെ പിൻതുടരുക എന്നതും.

**– ഡോ. ഇ. ദിവാകരൻ**


**Reaching Out**

Quarterly of Pain and Palliative Care Society, Thrissur

**VOLUME 15 ● ISSUE 1 ● MARCH 2019**

Quarterly of Pain and Palliative Care Society, Thrissur

Reg. No. : 591/97

Old District Hospital Building, Thrissur - 680 001

Regd. Off.: 'Manjith', Chembukkavu, Thrissur - 680 020.
Ph: 0487 - 2322128
www.painandpalliativecarethrissur.org
e-mail: ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thissur
Eidtor : Secretary, PPCS
Editorial Assistance : Prof. N. N . Gokul Das
P.A.Treasa, C.A. Riji
Lay-out & Printed at : iMAC Creations, Thrissur



*This issue sponsored by*

**SRI VARI AUTO MOTIVES**

KARUNAKARAN NAMBIAR ROAD
THRISSUR



# ഔഷധങ്ങൾക്കപ്പുറം: ഒരു നേർക്കാഴ്ച

◗ പ്രഭാവതി

**മരുന്നിനേക്കാൾ** സുഹൃത്തുക്കളുടെ സ്ഥിരമായ സന്ദർശനങ്ങൾക്ക്, രോഗിയിൽ പല മാറ്റങ്ങളും ഉണ്ടാക്കാൻ കഴിയുമെന്നാണ് എംഹാറ്റിലെ രണ്ടുവർഷത്തെ പ്രവർത്തനം എന്നെ പഠിപ്പിച്ചത്. ആ അനുഭവങ്ങൾ നിങ്ങളുമായി പങ്കുവെയ്ക്കുന്നു.

ഒരു കമ്മ്യൂണിറ്റി വളണ്ടിയറുടെ നിർദ്ദേശപ്രകാരമാണ് സുലുവിന്റെ വീട് സന്ദർശിയ്ക്കാൻ തീരുമാനിച്ചത്. പുറപ്പെടും മുമ്പ് സുലുവിനെക്കുറിച്ച് ഒരാമുഖവും നൽകിയിരുന്നു. സുലുവും ഭർത്താവ് ശിവയും മാത്രമുള്ള ഒരു കൊച്ചു വീട്. മക്കളില്ല. അയൽവാസികൾ സുലുവിന്റെ ശകാരത്തെക്കുറിച്ച് കാറളം പോലീസിൽ പരാതി നൽകിയിരുന്നു. അവർ ആരേയും വീട്ടിൽ കയറ്റാറില്ല. ഒരു മനോരോഗിയാണ് സുലു. ഒരു ആക്സിഡന്റിൽ തലയ്ക്ക് പരിക്ക് പറ്റിയതിനാലാണ് അവരുടെ മാനസീക നില തെറ്റിയത്. “നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്ന് ഒന്ന് ശ്രമിച്ച് നോക്കണം. ഇതേ അവസ്ഥയിലുള്ള മറ്റൊരുവീട് കൂടി ഉണ്ടെ”ന്ന് പറഞ്ഞു.

എംഹാറ്റിലെ സ്റ്റാഫുമായി സംസാരിച്ച് അടുത്ത ദിവസം തന്നെ ഞങ്ങൾ യാത്രയായി. വീടിന് അല്പം ദൂരെയായി വണ്ടി നിർത്തി. വൃത്തിയായി സൂക്ഷിച്ചിരിയ്ക്കുന്ന ഒരു കൊച്ചുവീട്. മുറ്റത്ത് ചെടികളും പൂക്കളും. ചെടികൾ കൊണ്ടുണ്ടാക്കിയ വേലി. ഒരു വശത്ത് മുളകും തേങ്ങയും മറ്റൊരു വശത്ത് വിറകും ഉണക്കാനിട്ടിരിയ്ക്കുന്നു. ചൂലുണ്ടാക്കി ഭംഗിയായി കെട്ടിവെച്ചിട്ടുണ്ട്. ഇതൊരു മനോരോഗിയുടെ വീടായി സങ്കല്പിയ്ക്കാനേ വയ്യ. ചങ്കിടിപ്പോടെ മുറ്റത്തേയ്ക്ക് കാൽവെച്ചതും പ്രതീക്ഷകളെല്ലാം ഒറ്റയടിയ്ക്ക് തകിടം മറിഞ്ഞു. സുലു ഒരു വെട്ടുകത്തിയുമായി വരുന്നു. ആരുപറഞ്ഞിട്ടാണ് എന്റെ മുറ്റത്ത് കയറിയത്. ഞാൻ ആരേയും ഇങ്ങോട്ട് വിളിച്ചില്ലല്ലോ. നിങ്ങൾക്ക് പോകേണ്ട സ്ഥലം തെറ്റി. പിന്നീട് അസഭ്യവർഷമായിരുന്നു. നാളിതുവരെ കേട്ടതും കേൾക്കാത്തതുമായ തൃശ്ശൂർ ഭാഷയിലുമുള്ള തെറി പ്രയോഗം. അല്പം ഭയന്നെങ്കിലും മുന്നോട്ടുവെച്ചകാൽ പിന്നോട്ടെടുത്തില്ല. ഞങ്ങൾ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് വരുന്നു. സുലുവിന്റേയും ഭർത്താവിന്റേയും വിശേഷങ്ങൾ അറിയാൻ വന്നതാണ്. സുഖമാണോ? വീടെല്ലാം എത്ര ഭംഗിയായി വെച്ചിരിയ്ക്കുന്നു. ധാരാളം ചെടികളും പൂക്കളും. ഇതിനെല്ലാം സുലു തന്നെയാണോ നനയ്ക്കുന്നത് എന്നെല്ലാം ഞങ്ങൾ ചോദിക്കുന്നുണ്ട്. ഈ ഓരോ ചോദ്യത്തിനും അസഭ്യവാക്കിൽ മറുപടി കിട്ടിക്കൊണ്ടിരിക്കുന്നു. ഭർത്താവ് എന്തുചെയ്യണമെന്നറിയാതെ നിസ്സഹായാവസ്ഥ പ്രകടിപ്പിച്ചു. കുറച്ചു സമയം ചുറ്റിപ്പറ്റി നിന്ന ശേഷം ഞങ്ങൾ തിരിച്ചുപോന്നു. അപ്പോഴും അസഭ്യവർഷം നിർത്തിയിട്ടില്ല. അയൽവാസികളെല്ലാം ശ്രദ്ധിയ്ക്കുന്നുണ്ടായിരുന്നു.

അധികം വൈകാതെ അടുത്ത യാത്ര പ്ലാൻ ചെയ്തു. ഊണുകഴിയ്ക്കാൻ തയ്യാറെടുത്ത സമയത്താണ് ഞാനും സുശീലയും എത്തിയത്. സുലു കിണ്ണത്തിൽ ചോറുമായി അടുക്കളയിൽ നിന്ന് വരുന്നു. ഞങ്ങളെ കണ്ടതും പഴയപ്പടി വാക്കുകൾ ആവർത്തിച്ചു. ചോറ് ഞങ്ങളുടെ തലയിൽ ചൊരിയുമെന്നായി. ഇതൊന്നും കേട്ടതായി ഭവിയ്ക്കാതെ മുറ്റത്തുകയറി തിണ്ണ ചാരി ഞങ്ങൾ നില്ക്കുകയാണ്. വളരെ സന്തോഷത്തോടെ. സുലു ഊണുകഴിയ്ക്കാൻ പോകുന്നോ? എന്താണ് കറി? എല്ലാ ദിവസവും ഈ സമയത്ത് ഭക്ഷണം കഴിയ്ക്കുമോ? ഞങ്ങളെ എന്താണ് ക്ഷണിയ്ക്കാത്തത്? ഈ ചോദ്യങ്ങൾക്ക്കെല്ലാം ചോറുനിറച്ച കിണ്ണവും പിടിച്ച് സുലുവിന്റെ സ്വന്തം ശൈലിയിൽ തന്നെ മറുപടി പറയുന്നുണ്ട്. ഭർത്താവ് ആംഗ്യഭാഷയിൽ തിരിച്ച് പൊയ്ക്കൊള്ളാൻ പറയുന്നുണ്ട്. പുഞ്ചിരിയോടെ കുറച്ച് സമയം കൂടി ബലം പിടിച്ച് നിന്നശേഷം ഇനിയും വരാമെന്ന് പറഞ്ഞ് തിരികെ നടന്നു.

എന്തായാലും മുന്നോട്ട് വെച്ച കാൽ പിന്നോട്ടില്ല. അവർ ഞങ്ങളുമായി സഹകരിയ്ക്കും എന്ന ഒരു ഉൾവിളിയുണ്ട്. അവരുടെ ഈ ഭാഷയൊന്നു മാറിയാൽ ഏറെ ആശ്വാസമായിരുന്നു. ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. ഇത്തവണ സംസാരിയ്ക്കാൻ എന്തെങ്കിലും ഒരു പുതിയ വിഷയം കിട്ടണം എന്ന ആഗ്രഹത്തോടെയാണ് കയറിയത്. എന്നും ചോറും കറിയും മാത്രം സംസാരവിഷയം ആയാൽ പോരല്ലോ. കയറി

ചെല്ലുമ്പോൾ സുലുവും ശിവനും ചക്ക പറിയ്ക്കുന്നു. വലിയ ദ്വേഷ്യമൊന്നും കാണുന്നില്ല. ഞങ്ങൾ ഉപദ്ര വകാരികളല്ലെന്ന് തോന്നൽ ഉണ്ടായി കാണണം. അങ്ങനെ ചക്കയായി അന്നത്തെ വിഷയം. ഞങ്ങ ളുടെ ചോദ്യങ്ങൾക്കെല്ലാം ഒറ്റവാക്കിലുള്ള ഉത്തരം നൽകി. അതിശയത്തോടെ ഞങ്ങൾ പരസ്പരം നോക്കി. അല്പമൊരാശ്വാസം. ശിവനും സുലുവിന്റെ മുമ്പിൽ ഞങ്ങളുമായി സംസാരിയ്ക്കാൻ ധൈര്യം കിട്ടിയതുപോലെ. കുറച്ചധികസമയം അവരുമായി ചെലവിട്ട്, വീണ്ടും വരാമെന്ന് പറഞ്ഞപ്പോൾ തടസ്സ മൊന്നും പറഞ്ഞില്ല.

ഇനിയും ക്ലിനിക്കിൽ കൊണ്ടുവന്ന് മരുന്നുകൊടു ക്കുക എന്ന ലക്ഷ്യത്തിലെത്താൻ ഞങ്ങൾക്ക് കഴി ഞ്ഞിട്ടില്ല. ഒരവസരം വീണുകിട്ടും. ഞാനും സുശീ ലയും തന്നെയാണ് സ്ഥിരമായി ഹോംകെയർ പോകാ റ്. അപരിചിതരോട് എങ്ങനെ പ്രതികരിക്കുമെന്നറി യില്ല. അതുകൊണ്ടാണ് സ്ഥിരമായി ഒരു ടീം തന്നെ പോകാമെന്ന തീരുമാനം എടുത്തത്. എത്തവണ ഒര വസരം വന്നു കിട്ടി. ഞങ്ങളുടെ മുന്നിൽ നൈറ്റിയിട്ട് കുളിച്ച് സുന്ദരിയായി സുലു നിൽക്കുന്നു. കാലി ലേയ്ക്ക് നോക്കിയപ്പോൾ വിരലുകൾക്കിടയിൽ പഴു പ്പുണ്ട്. ഇന്ന് മരുന്നാകാം വിഷയം. അതുവഴി ക്ലിനി ക്കിലേയ്ക്ക് ക്ഷണിയ്ക്കുകയും ചെയ്യാം. മനസ്സിൽ കണക്കുകൂട്ടി. സംസാരം തുടങ്ങി. കാലിൽ എന്തു പറ്റി? പഴുത്തിരിയ്ക്കുന്നല്ലോ. ഞങ്ങളുടെ വണ്ടിയിൽ മരുന്നുണ്ട്. മരുന്ന് തരട്ടേ. ഞാൻ ആയുർവേദമേ ചെയ്യൂ എന്നായി സുലു. എങ്കിൽ ആയുർവേദമരുന്ന് തന്നെ കൊണ്ടുവരാം. ഉപ്പ് വെള്ളം കൊണ്ട് കാൽ കഴുക ണം. ഇടയ്ക്കെല്ലാം ഇതുപോലെ വരാറുണ്ട്. വലിയ കുഴപ്പമില്ല എന്നെല്ലാം പറഞ്ഞു. ഞങ്ങൾ ചങ്ങാത്ത ത്തിലായി. വരാന്തയിലെ തിണ്ണയിൽ കയറിയിരിയ്ക്കാ മെന്നായി. ക്ലിനിക്കിലെയ്ക്ക് വീണ്ടും കഷണിച്ചു. സമ്മതിച്ചില്ല. പിന്നെ ഞങ്ങൾ മറ്റുവിഷയങ്ങളിലേയ്ക്ക് കടന്നു. വീടിനകത്തും പുറത്തുമുള്ള കാര്യങ്ങൾ വിഷ യമായി. അമ്മയെയും കുടുംബാംഗങ്ങളേയും പറ്റി പറ ഞ്ഞു. ഇതിനിടയ്ക്ക് ഭക്ഷണം ഇറക്കാൻ ബുദ്ധിമുട്ടു ള്ള കാര്യം ശിവൻ ഞങ്ങളോട് പറയുന്നത് കേട്ടു കൊണ്ട് കയറിവന്ന സുലു അതിന് രസകരമായ ഒരു പ്രതിവിധി നിർദ്ദേശിച്ചു. ഇതിന് ഡോകടറെ കാണേ ണ്ട ആവശ്യമില്ല. അലക്കുകാർ തുണി കല്ലിൽ ആഞ്ഞടിയ്ക്കുന്നതു കണ്ടിട്ടില്ലേ. അതുപോലെ ഒരു ഉരുള ചോറ് വായിലിട്ടാൽ ഒരു മരമുട്ടിയെടുത്ത് തല യിൽ ആഞ്ഞടിയ്ക്കുക. ഉരുള താനേ ഇറങ്ങികൊ ള്ളും. ഞങ്ങൾ പരസ്പരം നോക്കി. ചിരിയടക്കാൻ കഴിയുന്നില്ല. ചിരിയ്ക്കാനൊട്ട് ധൈര്യവുമില്ല. അല്പം ആശങ്കയുമുണ്ട്. പറഞ്ഞപോലെ ചെയ്താലോ. രംഗം വഷളാകും മുമ്പ് ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി.

കാലിൽ പുരട്ടാനുള്ള മരുന്നുമായി ഞങ്ങൾ അടുത്ത യാഴ്ച തന്നെ ചെന്നു. പുരട്ടേണ്ട വിധം പറഞ്ഞുകൊ ടുത്തു. ഭേദമായില്ലെങ്കിൽ വേറെ മരന്നുമായി വരാ മെന്ന് പറഞ്ഞു. ക്ലിനിക്കിലെയ്ക്ക് വീണ്ടും ക്ഷണി ച്ചു. വരാൻ താല്പര്യമില്ലെന്ന് പറഞ്ഞു. നിർബന്ധി ച്ചില്ല. ഇപ്പോൾ ഞങ്ങൾക്ക് വീടിനകത്തേയ്ക്കും പ്രവേ ശനമായി. മേശപ്പുറത്ത് ഒരു ടി.വി. കണ്ടു. ഏതോ രണ്ട് സ്ത്രീകൾ ടി.വി. കൊണ്ടുവെച്ചു. ഞങ്ങൾക്ക് ആവശ്യമില്ല. ആ രണ്ട് സ്ത്രീകൾ മറ്റാരുമായിരുന്നി ല്ല. നമ്മുടെ സരളചേച്ചിയും ഗൗരിചേച്ചിയുമായിരുന്നു. ഗൗരി ചേച്ചിയ്ക്ക് ശിവനെ നേരത്തെതന്നെ അറിയാം. ഇക്കാര്യം ഞങ്ങളോട് പറഞ്ഞിരുന്നു. ടി.വി ഇഷ്ടമാ യെന്ന് സംസാരത്തിൽ നിന്ന് മനസ്സിലായി. എന്നാൽ സമ്മതിയ്ക്കാൻ വയ്യ. ഞങ്ങളുടെ കൂടി അഭിപ്രായം അറിയാനായിരിയ്ക്കണം. കണക്ഷൻ എടുക്കാൻ പൈസ വേണ്ടേ എന്നായി. കുറച്ച് സമയം ടിവിയു മായി ഇരുന്നാൽ നിങ്ങൾക്ക് സന്തോഷമാകും. വീണ്ടും ചോദിച്ചു. കണക്ഷൻ എടുക്കണോ? എടു ത്തോളാൻ ഞങ്ങൾ ഉറപ്പിച്ച് പറഞ്ഞു. ഞങ്ങൾ ബന്ധം കുറച്ച് കൂടി കെട്ടുറപ്പുള്ളതാക്കി.

ഇപ്പോൾ ഞങ്ങൾ സന്ദർശന ഇടവേളകൾ കുറച്ചും സന്ദർശന സമയം കൂട്ടുകയും ചെയ്തു. ഞങ്ങളെ അവർ കാത്തിരിയ്ക്കുന്നു. അവർക്ക് പലതും പറയാ നുണ്ട്. ഞങ്ങൾ കേൾക്കാൻ തയ്യാറാണ്. വേണ്ട ഉപ ദേശം നൽകാനും ഇത്തവണ ആധാർകാർഡും ബാങ്ക് പാസ്സ്ബുക്കും കിട്ടിയ വിവരം പങ്കുവെയ്ക്കാ നായി കാത്തിരിയ്ക്കുകയായിരുന്നു. സുലു നല്ല സന്തോഷത്തിലാണ്. എല്ലാം ഞങ്ങളെ കാണിച്ചു. ശിവൻ എല്ലാം ശ്രദ്ധിച്ച് അടുത്തുതന്നെ ഇരിയ്ക്കു ന്നുണ്ട്. ഇപ്പോൾ അടുക്കളയിലും പ്രവേശനമായി. പയ റുകറി വെച്ചുകൊണ്ടിരിയ്ക്കുമ്പോൾ ഞങ്ങളെ കണ്ട് സംസാരിയ്ക്കാൻ വന്നതാണ്. ഇന്ന് അതാണ് കറി. വൈകീട്ടത്തേയ്ക്ക് ഗോതമ്പ് അടയാണെന്ന് പറഞ്ഞു. പാത്രങ്ങളെല്ലാം വെട്ടിത്തിളങ്ങുന്നു. അടുക്കള മുറ്റത്ത് ചീരയും ചേമ്പും ധാരാളം. ഇതെല്ലാം കറി വെയ്ക്കു ന്നവിധം പറഞ്ഞുതന്നു. ഇതിനിടയ്ക്ക് ക്ലിനിക്കിനെ ക്കുറിച്ചും ഓണാഘോഷത്തെക്കുറിച്ചും സൂചിപ്പിച്ചു. വരാൻ താല്പര്യമില്ലെന്ന് അതേ മറുപടി. നിർബന്ധി യ്ക്കാൻ തോന്നിയില്ല. ഓണത്തിന് ഒരു സാരി സമ്മാ നിച്ചു.

ഇപ്പോഴും ഞങ്ങൾ ആ സൗഹൃദയാത്ര തുടരുന്നു. ഇപ്പോൾ വീട്ടുകാര്യങ്ങൾ ഞങ്ങളുമായി പങ്കുവെയ് ക്കും. കഴിഞ്ഞ തവണ ജ്യോതി കൂടെ വന്നു. എന്നാ ൽ സംസാരിയ്ക്കാൻ വിമുഖത കാണിച്ചില്ല. സുലു ആകെ മാറി. ശിവൻ ചിരിച്ച മുഖവുമായി ഉമ്മറത്ത് കസേരയിൽ ഇരിയ്ക്കുന്നുണ്ട് പതിവുപോലെ. ഞങ്ങ ൾ ശ്രദ്ധിച്ച ഒരു കാര്യം. ഒരു മനോരോഗിയുടെ വീടും ഇത്രവൃത്തിയായി കണ്ടിട്ടില്ല. ഭാര്യയ്ക്ക് നല്ല മാറ്റമി ല്ലെ. ഇതിനെന്താണ് കാരണം തോന്നുന്നത് എന്ന് ജ്യോതി ശിവനോട് ചോദിച്ചു. അയാൾക്ക് പ്രത്യേകിച്ച് കാരണമൊന്നും പറയാനുണ്ടായിരുന്നില്ല. ചിരിച്ച്

*(ശേഷം പേജ് 8-ൽ)*



# വേദനയെ വേദാന്തമാക്കുന്ന സാന്ത്വനസംഗീതം

◗ ഡോ. സതീഷ്കുമാർ സി.

**സംഗീതം** ഒരു രോഗിയിൽ ഉണ്ടാക്കുന്ന വ്യതിയാന ങ്ങളെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ ഞാൻ എഴുതി യിരുന്നല്ലൊ.

അതിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ട് ട്രെയിനി ങ്ങുകൾ, കോഴ്സുകൾ എന്നിവ കഴിഞ്ഞ് ഒരു ഫുൾ പ്ലഡ്ജ്ഡ് പാലിയേറ്റീവ് കെയർ ഫിസിഷ്യനായി തുട രുമ്പോൾ എന്റെ മനസ്സിൽ ടീച്ചർ എന്നും ഉണ്ടായിരു ന്നു; ആ പാട്ടുകളും.

ഞങ്ങളുടെ പല വേദികളിലും സംഗീതവും പാലിയേ റ്റീവ് കെയറും എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ, വലിയ കാര്യമായ മാറ്റങ്ങൾ ഒന്നും ഉണ്ടാക്കാതെ തുടർന്നുപോന്നു. ഞാൻ ഓർക്കുന്നു ഏതോ ഒരു ഐ.എ.പി.സി ഇന്റർനാഷണൽ കോൺഫറൻസിൽ ഒരു ചെറിയ ടോപിക്ക് പ്രസന്റേഷൻ ഉണ്ടായി. അതിൽ ഇത് നല്ല കാര്യമാണ്, ഉപകാരപ്രദമാണ് എന്നുള്ള സ്ഥിരം ശൈലിയിലുള്ള അഭിപ്രായങ്ങളിൽ ഒതുങ്ങിപോയി, എന്നതാണ് സത്യം. അതിൽ പറഞ്ഞി രുന്നത്, ചില പ്രത്യേക രാഗങ്ങൾ (ശാസ്ത്രീയ) പാലി യേറ്റീവ് രോഗികൾക്ക് ഉപകാരപ്രദമാണ്, അത്തരം രാഗങ്ങളിലുള്ള പാട്ടുകൾ കേൾപ്പിക്കുന്നത് നല്ലതാ വും, എന്നെല്ലാമാണ്. പക്ഷേ, ഇത് നമ്മളാണ് തീരു മാനിക്കുന്നത്. ഇന്ന രാഗം ഇത്തരം രോഗികൾക്ക് ഇഷ്ടമാകും എന്ന്. എന്നിട്ടോ.... അവരെ കേൾപ്പിക്കു കയും നമ്മൾ സന്തോഷമതികൾ ആകുകയുമാണ് ചെയ്യുന്നത്.

ഞാനാഗ്രഹിച്ചത് പക്ഷേ ഇതല്ല. രോഗികൾക്ക് ഇഷ്ട മുള്ള പാട്ടുകൾ ആണ് അവർക്കുവേണ്ടി കൊടുക്കേ ണ്ടത്; അവിടെ രാഗം ഒരു പ്രശ്നമാകാൻ പാടില്ല. ഡോക്ടേഴ്സ് പറയുംപോലെ ഈ അസുഖത്തിന് കീമോയും, റേഡിയോ തെറാപ്പിയും ഇത്രയെണ്ണം ചെയ്താൽ മാത്രമേ പറ്റൂ; അതുമതി. ഇതിൽ നിന്നു മാറി, അവർക്ക് ഇഷ്ടമുള്ള ഗാനങ്ങൾ കൊടുക്കണം. അവിടെ ശാസ്ത്രീയഗാനമാണോ, ഹിന്ദുസ്ഥാനിയാ ണോ, നാടൻ പാട്ടാണോ, ലളിതഗാനമാണോ, നാടക ഗാനമാണോ, സിനിമാഗാനങ്ങളാണോ എന്തായാലും അവരുടെ ഇഷ്ടങ്ങൾക്കും അഭിരുചികൾക്കും അനു സരിച്ചുള്ള പാട്ടുകൾ വേണം കൊടുക്കാൻ. എന്നാൽ മാത്രമേ അവർക്ക് നിർവൃതിയാകൂ.

**MORE THAN RAGAS, GIVE THEM WHAT THEY LIKE AND NEED.**

ഇത് പറയുമ്പോഴാണ്, അടുത്ത സമയത്ത് നമ്മുടെ ഒരു രോഗിയായിരുന്ന, ഗായകനായിരുന്ന ജോസഫിനെ ഓർമ്മ വരുന്നത്. തൊണ്ടയിൽ കാൻസർ വരികയും, പെട്ടെന്ന് ട്രക്കിയോസ്റ്റമിയ്ക്ക് വിധേയനാകുകയും ചെയ്തു. തുടർന്ന് ശബ്ദം നഷ്ടപ്പെട്ട ഒരു അവസ്ഥയിലാകുകയും ചെയ്തു. തീരെ പ്രതീക്ഷിക്കാതെ സാമാന്യം വലിയൊരു ഗായകൻ ഇങ്ങനെ ആകുമ്പോഴുള്ള അവസ്ഥ ചിന്തിക്കാവുന്നതേയുള്ളൂ.

നമ്മുടെ ഫൗണ്ടേഷൻ കോഴ്സിന് വന്ന ഡോക്ടേഴ്സിനേയും കൊണ്ട് ഹോംകെയർ പഠിപ്പിച്ചു കൊടുക്കാൻ പോയ ഡോ. റംലയാണ് ജോസഫിനെ കുറിച്ച് എന്നോട് പറയുന്നത്. അദ്ദേഹത്തിന് പാട്ട് കേൾക്കാനുള്ള അദമ്യമായ ആഗ്രഹമുണ്ടെങ്കിലും അതിനുള്ള സാഹചര്യം ആ വീട്ടിലില്ല. ഉണ്ടായിരുന്ന റേഡിയോ കേടുവരികയും ചെയ്തത്രെ. എന്തായാലും വീട്ടിൽ പാട്ടുകേൾപ്പിക്കാമെന്ന ഉറപ്പ് കൊടുത്താണ് അവർ ക്ലിനിക്കിൽ തിരിച്ചെത്തിയത്. ഹോം കെയറിന് ശേഷമുള്ള ഗ്രൂപ്പ് ഡിസ്കഷനിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ചെയ്തു.

അടുത്തൊരു ദിനം ജോസഫിനെ പാടി കേൾപ്പിക്കാനുള്ള ഉദ്ദേശത്തോടുകൂടി ഞങ്ങൾ ഹോംകെയർ ടീം അവിടെ എത്തുമ്പോൾ, രണ്ടാം നിലയിലുള്ള വാടക വീട്ടിൽ അദ്ദേഹം കിടപ്പിലാണ്. ഞങ്ങൾ മുന്നിലെത്തിയിട്ടും നിർന്നിമേഷനായ് യാതൊരു ഭാവവ്യത്യാസവും കൂടാതെ ആ കിടപ്പ് തുടരവേ, ഞാൻ പരിചയപ്പെടുത്തി. നിങ്ങൾക്ക് പാട്ട് പാടിത്തരുവാൻ വന്നതാണ് എന്ന് പറഞ്ഞതും, ഭാര്യയെ കൈകാട്ടി വിളിച്ച് അദ്ദേഹത്തെ അൽപം ഉയർത്തി കിടത്താൻ ആവശ്യപ്പെട്ടു. വലതുകൈ സ്വാധീനമില്ലാത്ത അവസ്ഥയിലാണെങ്കിലും ഇടതുകൈക്കൊണ്ട് താളമിടാൻ ആരംഭിച്ചിരുന്നു. ഞാൻ 'ഹൃദയസരസിലെ....' എന്ന് തുടങ്ങുന്ന ഗാനവും, 'ഉത്തരാ സ്വയംവരം....' എന്ന ഗാനവും അദ്ദേഹത്തെ പാടി കേൾപ്പിച്ചു. പാട്ട് കേൾക്കാൻ ഒരു സെറ്റ് വാങ്ങികൊടുക്കാമെന്ന് വാക്കുകൊടുത്തിട്ടാണ് അവിടെ നിന്ന് മടങ്ങിയത്. നാടകഗാനങ്ങളും, എല്ലാ പഴയ ഗാനങ്ങളും കേൾക്കാനാണ് ഇഷ്ടമെന്ന് ഭാര്യയും പറയുകയുണ്ടായി.

അടുത്ത ദിവസം ഞങ്ങൾ ഒരു സെറ്റുമായി അവിടെ ചെന്നപ്പോൾ, ഞങ്ങളെ സ്വീകരിക്കാൻ തയ്യാറായിയിരിക്കുന്ന ജോസഫിനെയാണ് കണ്ടത്. സാറിന്റെ രണ്ട് പാട്ടുകളും അദ്ദേഹത്തിന് വളരെയധികം ഇഷ്ടപ്പെട്ടുവെന്ന് ഭാര്യ പറയുമ്പോൾ, അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ഏകദേശം ഒരു മണിക്കൂർ സമയം അവിടെയിരുന്ന് ഞാൻ പാട്ടുകൾ പാടി



കൊടുത്തു. ഇടതുകൈയുടെ താളം എന്റെ ചെവികളിലാണോ, ഹൃദയത്തിലാണോ കൂടുതൽ പതിച്ചിരുന്നതെന്ന് എനിക്ക് തിട്ടപ്പെടുത്താനാവില്ല. ഗാനമേള കഴിഞ്ഞ് ഞങ്ങളെ യാത്രയാക്കാൻ ജോസഫ് എഴുന്നേറ്റ് വന്നത് എനിക്ക് അത്ഭുതമായിരുന്നു. കിടപ്പിലായിരുന്ന, മോർഫിൻ കഴിക്കുന്ന, എല്ലാം തകർന്നുവെന്ന് എപ്പോഴും വിലപിക്കുന്ന ജോസഫ്, എന്ത് ശക്തിയാലായിരിക്കും എഴുന്നേറ്റ് നിന്നതെന്ന് എനിക്ക് ഇപ്പോഴും ആശ്ചര്യം തന്നെയാണ്. ഇതിനെ ഫിസിക്കൽ കെയർ, സൈക്കോളജിക്കൽ കെയർ, ഇമോഷണൽ കെയർ, സ്പിരിച്യുൽ കെയർ ഇതിൽ എന്താണ് വിളിക്കേണ്ടത്?

നിർഭാഗ്യവശാൽ ജോസഫിന്റെ പാട്ടുകൾ ഒന്നും തന്നെ റെക്കോർഡ് ചെയ്ത് വയ്ക്കാനുള്ള സാവകാശം കാൻസർ കൊടുത്തില്ല. ഇദ്ദേഹത്തിന്റെ അവസാന നാളുകൾ നമ്മുടെ ഐ.പി.യിലായിരുന്നു. അവിടെ നല്ലവരായ നമ്മുടെ പാട്ടുകാർ ജോസഫിന് വേണ്ടി പാടികൊടുക്കുകയുണ്ടായി. എന്റെ ഏട്ടൻ അവസാനനിമിഷം വരെയും താളം പിടിച്ചുകൊണ്ടാണ് പോയത് എന്ന് അദ്ദേഹത്തിന്റെ ഭാര്യ എന്നെ പിടിച്ച് കരഞ്ഞുപറഞ്ഞപ്പോൾ ഞാൻ ഓർക്കുകയായിരുന്നു; ഇതിന് ഞാൻ ആരോടാണ് നന്ദി പറയേണ്ടത്? എന്ന്. ഇതാവും സ്പിരിച്യുൽ കെയർ എന്ന് എന്റെ മനസ്സ് മന്ത്രിക്കുകയായിരുന്നു. Also we give music to paraplegic patients and in old age homes too.

ഞങ്ങളുടെ എക്സ്പീരിയൻസിൽ സംഗീതത്തിന്റെ ശക്തിയും സ്വാധീനവും ദിനംപ്രതി കൂടി കൂടി വരുന്നതായാണ് മനസ്സിലാകുന്നത്. എന്റെ അനുഭവത്തിൽ പറയുകയാണെങ്കിൽ ഞാനൊരു അനസ്ത്യേഷ്യോളജിസ്റ്റ് കൂടി ആണ്. കഴിഞ്ഞ പതിനഞ്ചുവർഷമായി ഓപ്പറേഷൻ തിയറ്ററിൽ ചെറിയ ശബ്ദത്തിൽ, മെലഡി ഗാനങ്ങൾ കേൾപ്പിക്കാറുണ്ട്. അത് ഓപ്പറേഷന് വരുന്ന രോഗികളിൽ, ബ്ലഡ് പ്രഷർ, പൾസ് റേറ്റ്,

റസ്പിരേഷൻ റേറ്റ് തിയേറ്ററിൽ കടക്കുമ്പോഴുള്ള പേടി എന്നിവ ഗണ്യമായി കുറക്കുന്നതിൽ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. താൽപര്യമുള്ളവർ ചിലർ പാടാറുമുണ്ട്.

ഞങ്ങളുടെ പാരാപ്ലീജിയ സംഗമങ്ങളിൽ ഏറ്റവും ശ്രദ്ധിക്കപ്പെടുന്നതും, കൂടുതൽ പേർ പങ്കെടുക്കുന്നതും പാട്ടുപാടാൻ വേണ്ടിയാണ്. അതിലൂടെ അവരിലുണ്ടാകുന്ന സന്തോഷവും അനുഭൂതിയും നേരിട്ട് കാണാനും, അനുഭവിക്കാനും കഴിയുമ്പോൾ സംഗീതം മാനസീകവ്യഥയനുഭവിക്കുന്നവരിൽ ചെലുത്തുന്ന സ്വാധീനം മ്യൂസിക് തെറാപ്പി തന്നെയെന്ന നിഗമനത്തിലെത്തുകയാണ്. ഇത്തരം സംഗമങ്ങളിൽ, മിക്കവാറും ഒരു പ്രമുഖ വ്യക്തി അതിഥിയാവാറുണ്ട്. അവരുടെ അഭിപ്രായങ്ങൾ കൂട്ടിവായിക്കുമ്പോൾ ഇത് ഒരു ഉത്തമപരിചരണ മാർഗ്ഗമായി ഉൾപ്പെടുത്തണമെന്ന അഭിപ്രായം ശക്തിയാവുകയാണ്.

ഒരിക്കൽ പാരാപ്ലീജിയ സംഗമത്തിന് അതിഥിയായെത്തിയ പദ്മശ്രീ കുട്ടൻ മാരാരുടെ അഭിപ്രായവും വ്യത്യസ്തമല്ല. ഡോക്ടർമാർ ഉൾപ്പെടുന്ന സന്നദ്ധപ്രവർത്തകരുടെയും രോഗികളുടേയും സംഗീതാലാപനങ്ങൾ ആസ്വദിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ വാക്കുകളിൽ, നാം നൽകുന്ന സംഗീതമാണ് ഏറ്റവും ഫലവത്തായ മരുന്ന്. ഇതോടൊപ്പം നാം ഇവരുടെ ജീവിതത്തിൽ നിന്ന് പ്രതീക്ഷിക്കുന്ന ആത്മീയപ്രബുദ്ധതയും ഈ സംഗീതത്തിനാൽ തന്നെ അവർക്ക് ലഭ്യമാകുന്നുണ്ട്.

അടുത്തതായി ഒളരിയിൽ തുടങ്ങിയ പാലിയേറ്റീവ് സൊസൈറ്റിയുടെ അനുബന്ധ സെന്ററിൽ ഡേ കെയറിൽ പ്രായം ചെന്നവർക്കും, യാത്ര ചെയ്യാൻ കഴിയുന്ന രോഗികൾക്കുമായി, മ്യൂസിക് തെറാപ്പിയുടെ വിവിധതലങ്ങൾ വിശകലനം ചെയ്യാൻ ഞങ്ങൾ ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്. അതിനായി, എപ്പോഴും ഞങ്ങൾക്ക് ശക്തമായ പിന്തുണ നൽകികൊണ്ടിരിക്കുന്ന എസ്.ഐ.പി യെ ഉപയോഗപ്പെടുത്തി വിപുലമാക്കുകയാണ് ലക്ഷ്യം.

*(തുടരും)*

*പേജ് 5-ൽനിന്ന് തുടർച്ച...*

കൊണ്ട് കൈമലർത്തി. മരുന്നൊന്നും കഴിച്ചിട്ടില്ലെന്ന് പറഞ്ഞു. ഞങ്ങളല്ലാതെ മറ്റൊരു സന്ദർശകരും അവിടെ വരാറില്ല. സുലു പുറത്ത് പോകാറില്ലെന്ന് കൂടി പറഞ്ഞു. അയൽപക്കത്തെ, പോലീസിൽ കേസുകൊടുത്ത അമ്മൂമ്മയോടും സുലുവിന്റെ വിവരം തിരക്കി. സുലുവിനെ കൊണ്ട് യാതൊരു ശല്യവും ഇല്ല എന്ന് അവർ പറഞ്ഞു. മറ്റൊരയൽവാസി സ്ഥിരമായി ഞങ്ങളുടെ സന്ദർശനം ശ്രദ്ധിയ്ക്കാറുണ്ടായിരുന്നു. അവർ എന്നെ സമീപിച്ച് ചോദിച്ചു. നിങ്ങൾ എങ്ങിനെ ആ വീട്ടിൽ കയറിപ്പറ്റി. നിങ്ങളെയല്ലെ വെട്ടാൻ വന്നതും അസഭ്യം പറഞ്ഞ് ഓടിച്ചതും. കയറിപ്പറ്റാനുള്ള സൂത്രം ഞാൻ പറഞ്ഞുകൊടുത്തു. ഒരു പരിചയവുമില്ലാത്ത ഞങ്ങൾക്ക് ചെയ്യാൻ പറ്റാത്തതിനേക്കാൾ നിങ്ങൾക്ക് കഴിയും. ശ്രമിച്ച് നോക്കാൻ ഉപദേശിച്ചു.

ഇനി പറയൂ. മനോരോഗിയായ സുലുവിന് മരുന്നിന്റെ ആവശ്യമുണ്ടോ? ഇപ്പോൾ അവർ ഭാര്യാഭർത്താക്കന്മാർ സാധാരണ ജീവിതം നയിക്കുന്നു. ആർക്കും ശല്യമില്ല. ഇങ്ങനെത്തന്നെ പോയാൽ പോരേ? സമൂഹം വിചാരിച്ചാൽ ഇതുപോലെ കുറേ രോഗികളെ രക്ഷിയ്ക്കാൻ കഴിയില്ലെ? ഒറ്റപ്പെടുത്തലും അവഹേളനവും അല്ലേ അവരുടെ രോഗത്തെ ഒന്നുകൂടി അരക്കിട്ട് ഉറപ്പിയ്ക്കുന്നത്. ആരെങ്കിലും വരുമെന്നുള്ള കാത്തിരിപ്പ് ആശയ്ക്ക് വക നൽകും. സുലുവിന്റെ ഈ മാറ്റം ഞങ്ങളുടെ സന്ദർശനത്തിന്റെ ഫലമാണെന്ന് ഞാൻ ഉറച്ച് വിശ്വസിയ്ക്കുന്നു.

ഞാനും ജ്യോതിയും എസ്.ഐ.പി.യുടെ ഒരു ഇന്റർനാഷണൽ കോൺഫറൻസ് അറ്റൻഡ് ചെയ്തു. അതിൽ ഡോ. പർവേസിന് എംഹാറ്റിന്റെ പ്രസന്റേഷൻ ഉണ്ടായിരുന്നു. അതിനുശേഷമുള്ള ചർച്ചയിൽ സുലോചനയുടെ കാര്യം പ്രസന്റ് ചെയ്യാൻ ഒരവസരം എനിയ്ക്ക് ലഭിച്ചു. മറ്റു സംസ്ഥാനക്കാർക്ക് ഇതൊരു പുതിയ അറിവായിരുന്നു. പലരും സംശയ ദുരീകരണത്തിനായി എന്നെയും ജ്യോതിയേയും സമീപിച്ചു.

ഞങ്ങളുടെ യാത്ര ഇവിടെ അവസാനിപ്പിയ്ക്കുന്നില്ല. ഇനിയും ധാരാളം കൊട്ടിയടയ്ക്കപ്പെട്ട, തുറക്കപ്പെടേണ്ട വാതിലുകൾ നമുക്ക് ചുറ്റുമുണ്ട്. അതിനുള്ള ശ്രമത്തിൽ ഞങ്ങൾ യാത്ര തുടരുകയാണ്.

◆



# ബന്ധങ്ങൾ പ്രതിബന്ധങ്ങളാകുമ്പോൾ

**മാനസികരോഗത്താൽ** പീഢിതയായും ഉറ്റ ബന്ധുക്കളാൽ തിരസ്കൃതയായും തെരുവിൽ അലഞ്ഞു നടക്കുന്ന വത്സലയെ ചികിത്സാമുഖത്തേക്ക് എത്തിക്കുവാൻ വേണ്ടി എം ഹാറ്റ് സന്നദ്ധ പ്രവർത്തകർ നടത്തിയ ഇടപെടലുകളായിരുന്നല്ലോ ഒന്നാം ഭാഗത്തിൽ വിവരിച്ചിരുന്നത്. മാതാപിതാക്കളും സഹോദരരും ഭർത്താവും വീട്ടുകാരും എന്നിങ്ങനെ വത്സലക്കുള്ള എല്ലാ ബന്ധങ്ങളും കരുണയുടെ നനവില്ലാതെ വറ്റി വരണ്ടിരിക്കുന്നതാണ് സന്നദ്ധപ്രവർത്തകരുടെ മുന്നിൽ ഉയർന്ന വലിയ സമസ്യ. ഇപ്പോഴും കുറച്ചെങ്കിലും നീരോട്ടമുള്ള ഏതെങ്കിലും ബന്ധം വത്സലയുടെ ചികിത്സക്ക് സഹായകരമാകുന്നവിധം ബലപ്പെടുത്താനാകുമോ എന്നതിലായി ഞങ്ങളുടെ ശ്രദ്ധ. ഭാഗ്യവശാൽ അങ്ങനെയൊരു അവസരം ഞങ്ങൾക്ക് താമസിയാതെ ലഭിച്ചു.

മഹാപ്രളയത്തിൽ കേരളമാകെ വിറങ്ങലിച്ചു നിൽക്കവേയാണ് റാണി എന്ന അംഗണവാടി ടീച്ചറെ ഞാൻ ഓർത്തത്. അവർ താമസിക്കുന്നത് വത്സലയുടെ ഭർത്തൃഗൃഹത്തിനടുത്ത് വളരെ താഴ്ന്ന പ്രദേശത്തിലാണ്. അവരുടെ വീട് പ്രളയത്തിൽ മുങ്ങിയോ? നമ്മുടെ മറ്റ് പലരോഗികളുടേയും വീടുകളിൽ പ്രളയം ദുരന്തം വിതച്ചിരുന്നു. അവരെ പലരേയും ബന്ധപ്പെട്ട റിലീഫ് ക്യാമ്പുകളിലേക്ക് അയച്ചിരുന്നു. റാണിയും എം ഹാറ്റിന്റെ ഒരു കുടുംബാംഗത്തെപ്പോലെയാണ്, അവരെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു. പലതവണ ശ്രമിച്ചപ്പോൾ മറുഭാഗത്ത് റാണിയുടെ സഹജമായ ഉന്മേഷസ്വരം. സമാധാനമായി.

എന്താ റാണി വീട്ടിലൊന്നും വെള്ളം കയറിയില്ലല്ലോ? ചിരിച്ചുകൊണ്ടു തന്നെ അവരുടെ മറുപടി, "എല്ലാം വെള്ളത്തിലായി മാഡം. ഞങ്ങൾ റിലീഫ് ക്യാമ്പിലാണ്." ഇമ്മാതിരി പ്രതിസന്ധിയിൽ ഇവർക്കെങ്ങനെ ഇത്ര ലാഘവത്തോടെ സംസാരിക്കാൻ കഴിയുന്നു! അപൂർവ്വം ചിലർക്കുമാത്രം കൈവശമുള്ള അതിജീവനത്തിന്റെ ധൈര്യമാണത്. എത്രയോ കഷ്ടപ്പാടുകൾ അനുഭവിച്ചവർ, എല്ലാം സഹിക്കുന്നവർ. പ്രതികൂല സാഹചര്യങ്ങൾ നേരിടുമ്പോൾ അവർ കാണിക്കുന്ന തന്റേടം അതിശയിപ്പിക്കുന്നതാണ്. തന്റെ വിഷമസ്ഥിതികൾ വിവരിക്കേ അവർ ചോദിച്ചു, നമ്മുടെ വത്സലയെ നമുക്ക് രക്ഷിക്കേണ്ടേ മാഡം? അവർക്ക് വേണ്ടി എന്തെങ്കിലും ചെയ്തേ പറ്റൂ. ആരെങ്കിലും പോലീസിൽ പരാതി എഴുതിക്കൊടുത്താൽ മാത്രമേ, കോടതി മുഖേന നിയമാനുസൃതമായി വത്സലയെ തെരുവിൽനിന്ന് ആസ്പത്രിയിലേക്ക് മാറ്റാൻ സാധിക്കൂ എന്ന് ഞാൻ പറഞ്ഞു.

പ്രളയദുരിതത്തിന് അല്പം ശാന്തി വന്നപ്പോൾ റാണി എന്നെ വന്ന് കണ്ടു. വീടെല്ലാം വൃത്തിയാക്കി തങ്ങൾ താമസം തുടങ്ങി എന്ന് പറഞ്ഞു. പിന്നെ ഒരു മുന്നറിയിപ്പുമില്ലാതെ റാണി പറഞ്ഞു. ഞാൻ വത്സലക്കു വേണ്ടി പരാതി എഴുതി സമർപ്പിക്കാൻ തയ്യാറാണ്. അവളെ ചികിത്സിക്കണം. ഈ വാക്കുകൾ ഞങ്ങൾ എംഹാറ്റ് പ്രവർത്തകരെ ഉത്സാഹഭരിതരാക്കി. ഞങ്ങൾ ഒരു പരാതി തയ്യാറാക്കി ജനമൈത്രി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടു. അവർ പരാതി സ്വീകരിച്ച് പ്രവർത്തിക്കുവാൻ തയ്യാറായി. ഞാനും റാണിയും ഒളിഞ്ഞ് നിന്ന് വത്സലയെ കാണിച്ചുകൊടുത്തു. വനിത പോലീസ്സുകാർ അവളെ പെട്ടെന്ന് പിടിച്ച് വണ്ടിയിൽ കയറ്റി. അത്ഭുതമെന്ന് പറയട്ടെ വത്സല വലിയ എതിർപ്പൊന്നും കാണിച്ചില്ല. വത്സലയെ നേരെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കി. വത്സല വർഷങ്ങളായി പൊതുജനങ്ങൾക്ക് ശല്യമാകുംവിധം റോഡിൽ നിന്ന് അസഭ്യം പറയലും മറ്റുമാണെന്നും ഉറ്റവർ ആരും ചികിത്സിക്കുന്നില്ലെന്നും കോടതി മുമ്പാകെ ബോദ്ധ്യപ്പെടുത്തി. മജിസ്ട്രേറ്റ് കേസ് പരിഗണിക്കുകയും കൂട്ടിരിപ്പിന് ആളില്ലാതെ തന്നെ മാനസിക ആശുപത്രിയിലേക്ക് വത്സലയെ മാറ്റാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. അങ്ങിനെ വത്സല പടിഞ്ഞാറേക്കോട്ടയിലുള്ള സർക്കാർ മാനസികാശുപത്രിയിൽ അന്തേവാസിയായി. ഞാനും റാണിയും ഒപ്പംതന്നെ ഉണ്ടായിരുന്നു. ഞങ്ങളോട് വളരെ സൗഹൃദത്തിലാണ് വത്സല പെരുമാറിയത്. പോലീസ്സുകാർ തന്നെ ഉപദ്രവിക്കാതെ നോക്കാൻ ഞങ്ങൾ സഹായിക്കുമെന്ന് അവർക്ക്

വിശ്വാസമുള്ളതുപോലെ. ഇടക്കിടക്ക് 'ചേച്ചിമാർ പോകരുത്, എന്റെ കൂടെ വേണം.' എന്നെല്ലാം പിറുപിറുത്തുകൊണ്ടിരുന്നു. സ്നേഹത്തോടെ ആശ്വസിപ്പിച്ചുകൊണ്ട് ഞങ്ങൾ കൂട്ടിരുന്നു. അവിടെ നടപടികൾ പൂർത്തിയാക്കി വത്സലയെ ഒരു സെല്ലിൽ അടക്കുന്നതു വരെ ഞങ്ങൾ കൂട്ടിനായി നിന്നു. ഒടുവിൽ "ഞാൻ മരുന്ന് കഴിച്ചോളാം, എനിക്ക് സുഖമില്ലാഞ്ഞിട്ടല്ലേ. എന്റേയും അസുഖം മാറും അല്ലേ" എന്നെല്ലാം പറഞ്ഞ് ഞങ്ങളോട് കൈവീശിക്കാണിച്ചു. വല്ലാത്ത ഒരു മാനസികാവസ്ഥയിലായിരുന്നു ഞങ്ങൾ. നിറകണ്ണുകളോടെ ഇടക്ക് വരാം എന്നെല്ലാം പറഞ്ഞ് ഞങ്ങൾ അവിടെ നിന്ന് പോന്നു.

വീണ്ടും ഞങ്ങൾ വത്സലയുടെ മാതാപിതാക്കളെ കാണാൻ അവരുടെ വീട്ടിൽപോയി. പ്രളയംമൂലം ആ വീട്ടിലും നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. PPCS വളർത്തിക്കൊണ്ടു വരുന്ന സ്റ്റൂഡന്റ്സ് ഇൻ പാലിയേറ്റീവ് കെയർ (SIP) എന്ന പോഷകസംഘടനയിലെ വിദ്യാർത്ഥികളുടെ സഹായത്തോടെ വീടിന് അറ്റകുറ്റപ്പണികൾ നടത്തി. ഒരു വാതിൽ പോലുമില്ലായിരുന്ന വീടിന് വാതിൽ വെച്ചുകൊടുത്തു. ഒലിച്ചുപോയ പാത്രങ്ങൾക്ക് പകരമായി കുറച്ച് പാത്രങ്ങൾ വാങ്ങിക്കൊടുത്തു. അവരെ ആശ്വസിപ്പിച്ചു. അവരുടെ രണ്ടാൺമക്കളും മാനസികപ്രശ്നങ്ങൾ ഉള്ളവരാണ്, അവരേയും ചികിത്സിക്കേണ്ടതുണ്ട്. ആ മാതാപിതാക്കൾ നിസ്സഹായരാണ്. ഇനി അതിനും എന്തെങ്കിലും ചെയ്തേ പറ്റൂ. അവരുടെ ജോലിയുള്ള മകളുടെ ഫോൺ നമ്പർ SIP-യിലെ പെൺകുട്ടിക്ക് കൊടുക്കാൻ അച്ഛൻ തയ്യാറായി. തീർച്ചയായും, SIP യുവാക്കൾക്ക് അവരുടെ മനസ്സിൽ നല്ലൊരു ചലനമാണ് സൃഷ്ടിക്കാനായത്. വത്സലയുടെ അനുജത്തി സുമതിക്ക് ചെറിയ ഒരു സർക്കാർ ജോലിയുണ്ട്. അവളാണ് ആ കുടുംബത്തിന്റെ പട്ടിണി മാറ്റുന്നത്. ഒരു പെൺകുട്ടിയുടെ ചങ്ങാത്തം അവൾക്ക് ഉപകരിക്കുമെന്ന് തോന്നി. തന്റെ കുടുംബത്തിന്റെ സ്ഥിതി ഏൽപ്പിക്കുന്ന അപകർഷതാബോധം നിമിത്തം അവൾ അയൽപക്കക്കാരുമായൊന്നും സംസാരിക്കാറില്ലത്രേ. SIP-ലെ പെൺകുട്ടിയുമായി അവൾ ഇടക്ക് ഫോണിൽ സംസാരിക്കാൻ തുടങ്ങി. എന്നാൽ വത്സലയെ വീട്ടിലേക്ക് കൊണ്ട് വരാൻ പറ്റില്ലെന്ന ഉറച്ച നിലപാടിലാണ് സുമതി. ആ ഭാരം കൂടി തനിക്ക് താങ്ങാൻ കഴിയില്ല എന്ന് അവൾ പറഞ്ഞു. എംഹാറ്റിലെ മറ്റ് പ്രവർത്തകരോടൊന്നും സംസാരിക്കാൻ അവൾ തയ്യാറുമായില്ല.

ഞങ്ങൾ വീണ്ടും വത്സലയുടെ ആൺമക്കളുമായി ബന്ധപ്പെട്ടു. അമ്മ എന്ന സങ്കല്പം മാത്രം കൊണ്ട് നടക്കുന്ന ആ കുട്ടികൾക്ക് അമ്മയെ വീണ്ടെടുക്കേണ്ട ആവശ്യകത പറഞ്ഞ് മനസ്സിലാക്കി. കുറേശ്ശെയായി മൂത്ത രണ്ട് ആൺമക്കളുടെ മനസ്സ് മാറുന്നത് ഞങ്ങൾ അറിഞ്ഞു. ആ വഴിക്കു തന്നെ ശ്രമം തുടർന്നു. അമ്മ സുഖം പ്രാപിച്ചാൽ തങ്ങളുടെ കൂടെ താമസിപ്പിച്ച് സ്നേഹത്തോടെ ശുശ്രൂഷിക്കാൻ അവർ തയ്യാറായി. എന്നാൽ വത്സലയുടെ ഭർത്താവിനും അമ്മായിഅമ്മയ്ക്കും ഇളയമകനും കടുത്ത എതിർപ്പ് തന്നെയായിരുന്നു. ഒടുവിൽ മൂത്ത മക്കൾ രാജീവും രമേഷും ഒരു വീട് വാടകക്ക് എടുത്ത് മാറാൻ തീരുമാനിച്ചു. അതിന് വേണ്ടതായ എല്ലാ പിന്തുണയും എംഹാറ്റ് പ്രവർത്തകർ നൽകി. ചില സന്നദ്ധപ്രവർത്തകർ സാമ്പത്തികമായും സഹായിച്ചു. ഒടുവിൽ ഒരു കൊച്ചു വീടും, അതിലേക്ക് വേണ്ട അത്യാവശ്യ സാധനങ്ങളുമായി രാജീവും രമേഷും താമസം മാറ്റി. പാലുകാച്ചൽ നടത്തി. അതിനും ഞങ്ങൾ സന്നിഹിതരായിരുന്നു. രാജീവിന് കടയിൽ ജോലിയുണ്ട്, രമേഷ് ഓട്ടോറിക്ഷ ഓടിക്കുന്നു. ഇവരുടെ കൂട്ടുകാർ എംഹാറ്റിന്റേയും കൂട്ടുകാരായി. അയൽപ്പക്കത്തുള്ളവരും അംഗണവാടി ടീച്ചർ റാണിയും ആ സഹോദരങ്ങൾക്ക് എല്ലാവിധ സഹായങ്ങളും നൽകി കൂടെ നിന്നു. ഒരു സാമൂഹിക പങ്കാളിത്തം മനോഹരമായി വിജയിക്കുന്നത് ഞങ്ങൾ അത്ഭുതത്തോടെ നോക്കി നിന്നു.

ഇടക്കിടെ മക്കൾ അമ്മയെക്കാണാൻ ആശുപത്രിയിൽ പോയി. മക്കളോട് അമ്മ സ്നേഹത്തോടെ പെരുമാറിത്തുടങ്ങി. വത്സലയുടെ ആരോഗ്യകരമായ മാറ്റം ഞങ്ങളും ഇടക്കിടെ സന്ദർശിച്ച് മനസ്സിലാക്കി. വത്സലയെ ചികിത്സിക്കുന്ന ഡോക്റ്ററുമായും ഞങ്ങൾ ഫോണിലും നേരിട്ടും ബന്ധപ്പെട്ടുകൊണ്ടിരുന്നു. അവർ ഇപ്പോൾ പുനരധിവാസത്തിലാണ്. വൃത്തിയായും ചിട്ടയായുമുള്ള ജീവിതത്തിലേക്ക് മെല്ലെ മെല്ലെ നടന്നടുക്കുന്നു. എത്രയോ വർഷങ്ങളായി തെരുവിൽ ബോധത്തിനും അബോധത്തിനും ഇടയിൽക്കഴിഞ്ഞ ഒരു സ്ത്രീയുടെ ഉയിർത്തെഴുന്നേൽപ്പിന് ഞങ്ങൾ സാക്ഷിയാവുകയാണ്.

ഇനിയും കുറച്ചുകാലം കൂടി അവർക്ക് ആസ്പത്രിയിൽ കഴിയേണ്ടതായി വരും. അതിനുശേഷം മക്കളോടൊത്ത് സന്തോഷത്തോടെ കഴിയും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ശുഭപ്രതീക്ഷയോടെ എംഹാറ്റ് പ്രവർത്തകർ കാത്തിരിക്കുകയാണ്....

◆

# ദുരിതാശ്വാസ പ്രവർത്തനങ്ങൾ – SIP

**നൂറ്റാണ്ട്** കണ്ട ഏറ്റവും വലിയ പ്രളയത്തെയാണ് കഴിഞ്ഞ ദിവസങ്ങളിൽ കേരളം അഭിമുഖീകരിച്ചത്. ആ പ്രളയക്കെടുതികളിൽ അകപ്പെട്ടവർക്ക് ഒരു ചെറിയ കൈത്താങ്ങ് ആയികൊണ്ട് പ്രവർത്തിക്കുവാൻ SIP-യും ഉണ്ടായിരുന്നു.

രണ്ടുഘട്ടങ്ങളായിട്ടായിരുന്നു SIP-യുടെ പ്രവർത്തനങ്ങൾ.

ഒന്നാംഘട്ടം രക്ഷാദൗത്യവും അതിനോടനുബന്ധിച്ച് ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കലും. പതിനാറാം തിയ്യതി രാത്രിയാണ് തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലേയ്ക്ക് ഐ.ടിമേഖലയിൽ പ്രാവീണ്യമുള്ള ചെറുപ്പക്കാരെ അടിയന്തിരമായി ആവശ്യമുണ്ട് എന്നുപറഞ്ഞുള്ള ഡോ. സുരേഷ് കുമാർ സാറിന്റെ മെസ്സേജിനെ കുറിച്ച് ഡോ. ദിവാകരൻ സാർ പറയുന്നത്.

അടുത്ത ദിവസം വെളുപ്പിന് തന്നെ ഡോ. ദിവാകരൻ സാറുമായും ഡോ. സുരേഷ്കുമാർ സാറുമായും ഫോണിൽ സംസാരിച്ചത് പ്രകാരം അടുത്ത 3–4 ദിവസങ്ങളിൽ (17, 18, 19, 20) കൺട്രോൾ റൂമിൽ മുഴുവൻ സമയവും പ്രവർത്തിക്കുവാൻ തയ്യാറായ 9 പേരുടെ വിവരങ്ങൾ ഡോ. സുരേഷ്കുമാർ സാർ കൈമാറി.

അദ്ദേഹം അപ്പോൾത്തന്നെ അവരെയെല്ലാം തിരുനെൽവേലി സബ്ബ് കളക്ടർ ശ്രേയ സിങ്ങ് മാഡവും, കാലിക്കറ്റ് മുൻ കളക്ടർ പ്രശാന്ത് നായർ സാറും ചേർന്ന് നേരിട്ട് നയിക്കുന്ന വാട്സാപ്പ് ഗ്രൂപ്പിലേയ്ക്ക് add ചെയ്തു.

അവരുടെ നിർദ്ദേശപ്രകാരം SIP-യുടെ 4 വളണ്ടിയേഴ്സ് ഒരു മണിക്കൂറിനുള്ളിൽ തന്നെ തൃശ്ശൂർ കളക്ടർ അനുപമ മാഡത്തിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന കളക്ടറേറ്റിലെ കണട്രോൾ റൂമിൽ എത്തിച്ചേരുകയും ചെയ്തു.

വളരെ ഉത്തരവാദിത്തപ്പെട്ടതും ഗൗരവമേറിയതുമായ ജോലികളായിരുന്നു അവിടെ അവർക്കുണ്ടായിരുന്നത് തൃശ്ശൂർ ജില്ലയുടെ നാനാഭാഗങ്ങളിൽ നിന്നും സഹായം തേടി എത്തുന്ന സന്ദേശങ്ങളും കോളുകളും പരിശോധിച്ച് സ്ഥിരീകരിച്ചതിനുശേഷം വ്യക്തമായ മാപ് ലൊക്കേഷൻ, വിലാസം, സാഹചര്യം എന്നിവ സഹിതം അവ നേരിട്ട് കൺട്രോൾ റൂമിലേയ്ക്ക് കൈമാറുന്ന ജോലിയായിരുന്നു പ്രധാനമായും.

അതോടൊപ്പം, അവശ്യ സാഹചര്യങ്ങളിൽ കൺട്രോൾ റൂം മേൽനോട്ടം, ഹാം റേഡിയോ ഓപ്പറേഷൻ, കളക്ടറുടെ ഒഫിഷ്യൻ ഫേസ് ബുക് പേജ്, ബ്ലോഗുകൾ എന്നിവ കൈകാര്യം ചെയ്യുക തുടങ്ങിയ വളരെ ഉത്തരവാദിത്തപ്പെട്ട ചുമതലകളായിരുന്നു കലക്ടറേറ്റിൽ SIP-യുടെ വളണ്ടിയർമാർക്ക് നിർവഹിക്കേണ്ടി വന്നിരുന്നത്.

തിരക്കു കൂടുന്നതിനനുസരിച്ച് മിക്കവാറും ദിവസങ്ങളിൽ രാത്രി 12 മണിക്ക് ശേഷവും ചില വളണ്ടിയർമാർക്ക് കലക്ടറേറ്റിൽ നിൽക്കേണ്ടി വന്നിട്ടുണ്ട്.

ഒന്നാംഘട്ടത്തിലെ SIP വളണ്ടിയേഴ്സിന്റെ മറ്റൊരു ദൗത്യം ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കലായിരുന്നു. ആ ദിവസങ്ങളിൽ പാലിയേറ്റീവ് കെയറിലെ സീനിയർ വളണ്ടിയർ ജ്യോതി മാഡത്തിനൊപ്പം SIP വളണ്ടിയർമാർ തൃശ്ശൂർ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്യാമ്പുകൾ സന്ദർശിക്കുകയും, ക്യാമ്പ് കോർഡിനേറ്ററുടെ ആവശ്യപ്രകാരം അദ്ദേഹത്തിൽ നിന്ന് ക്യാമ്പിലേയ്ക്കുള്ള അവശ്യ സാധനങ്ങളുടെ ലിസ്റ്റ് വാങ്ങുകയും – അരി, ചെറുപയർ, വെളിച്ചെണ്ണ, സാനിറ്ററി നാപ്കിൻ, ബേബി ഫുഡ്, വസ്ത്രങ്ങൾ, പായകൾ, ചെരുപ്പുകൾ തുടങ്ങിയവ വാങ്ങി, ക്യാമ്പുകളിലും ജനറൽ ഹോസ്പിറ്റലിലും നേരിട്ട് എത്തിച്ചുകൊടുക്കുകയും ചെയ്തു.

അതോടൊപ്പം ക്യാമ്പിൽ കഴിയുന്നവരോട് സംസാരിക്കുകയും അവരെ ഞങ്ങളാൽ കഴിയുന്നപോലെ ആശ്വസിപ്പിക്കുകയും ചെയ്തു.

രണ്ടാംഘട്ടത്തിലെ പ്രധാന ദൗത്യം പ്രളയബാധിത വീടുകളുടെ ശുചീകരണവും അണുനശീകരണവും ആയിരുന്നു.

അതിനായി ജില്ലാഹെൽത്ത് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുകയും അവരിൽ നിന്ന് അതിനായി SIP വളണ്ടിയർമാർ പരിശീലനം നേടുകയും ചെയ്തു.

അവരുടെ സഹകരണത്തോടെ സുരക്ഷാ മാനദണ്ഡങ്ങളടങ്ങിയ ഒരു ലഘുലേഖ എല്ലാവർക്കും വിതരണം ചെയ്യുകയും ചെയ്തിരുന്നു.

അതിനുശേഷം SIP വളണ്ടിയർമാർ, തൃശ്ശൂർ സെന്റ്. തോമസിലെ NSS/NCC വളണ്ടിയർമാർക്കൊപ്പം വീടുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഇറങ്ങി.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർ, മറ്റുള്ളവരുടെ സഹായം ലഭിക്കുവാനുള്ള സാഹചര്യമില്ലാത്തവർ, പ്രായമായവർ, തുടങ്ങിയവരുടെ വീടുകളാണ് ശുചീകരണത്തിനായി തിരഞ്ഞെടുത്തത്.

ഒന്നാം ദിവസം പെരിങ്ങാവ് ഭാഗങ്ങളിലെ വീടുകൾ, രണ്ടാം ദിവസം നെന്മണിക്കര ഭാഗത്തുള്ള വീടുകൾ, മൂന്നാം ദിവസം നെന്മണിക്കര പഞ്ചായത്തിലെ തന്നെ നാല് സെന്റ് കോളനി എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വീടുകളിലാണ് ശുചീകരണപ്രവർത്തനങ്ങൾ നടന്നത്. നാല് സെന്റ് കോളനിയിൽ മാത്രം 19 വീടുകളാണ് SIP ഏറ്റെടുത്ത് ശുചീകരണം നടത്തി കൊടുത്തത്.

രണ്ടാം ഘട്ടത്തിലെ അടുത്ത ദൗത്യം ക്യാമ്പുകളിലെ ആളുകൾക്ക് വിതരണം ചെയ്യാൻ തയ്യാറാക്കുന്ന കിറ്റിന്റെ പാക്കിങ്ങ് ആയിരുന്നു.

തൃശ്ശൂർ കളക്ടറുടെ നിർദ്ദേശപ്രകാരം, നബാർഡ് തൃശ്ശൂർ റീജിയണൽ മാനേജർ ദീപ മാധത്തിന്റെ മേൽനോട്ടത്തിൽ തൃശ്ശൂർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ ഗവൺമെന്റ് എൻജിനിയറിങ്ങ് കോളേജ് എന്നിവിടങ്ങളിലായി നടക്കുന്ന പാക്കിങ്ങ് ജോലികളിൽ തൃശ്ശൂർ ജില്ലയിലെ അനേകം യുവജനങ്ങളുടെ കൂടെ ചേർന്നുകൊണ്ട് പ്രവർത്തിക്കാനും SIP വളണ്ടിയേഴ്സിന് സാധിച്ചു.

അങ്ങനെ ഈ കഴിഞ്ഞ 12 ദിവസങ്ങളിലായി കേരളത്തിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒരു കൈതാങ്ങാവാൻ കേരള ജനതയോടൊപ്പം കൈകോർത്ത് പ്രവർത്തിക്കുവാൻ SIP വളണ്ടിയേഴ്സിനും കഴിഞ്ഞു. അവരെ സംബന്ധിച്ചിടത്തോളം ഈ പ്രവർത്തനങ്ങളിൽനിന്ന് ലഭിച്ച അനുഭവങ്ങളും ജീവിത ദർശനങ്ങളും അവിസ്മരണീയമായിരുന്നു.

അതിലുപരി ഇത്തരം ഒരു അവശ്യഘട്ടത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയെ പ്രതിനിധീകരിച്ച് പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്നതിലുള്ള ചാരിതാർത്ഥ്യവും.

◆

◗ **റിജിൽ**

# പുഴയോരം സാക്ഷി



**ചരിത്രം** വിജയികളും മഹാന്മാരും നടന്നുപോയ വഴികൾ മാത്രമല്ല. അത് ചരിത്രത്തിന്റെ നാം അറിയുന്ന പൊതുനിരത്താകാം. അതിലെ കെട്ടുകാഴ്ചകളും, ചിലപ്പോൾ കാഴ്ചകളുമായിരിക്കും നമ്മുടെ കണ്ണിൽ പെടുക.

എന്നാൽ ഗ്രാമങ്ങളുടെ ഊടുവഴികളിലൂടെയും കുണ്ടനിടവഴികളിലൂടെയും കൂർത്ത കല്ലും മുള്ളും ചവിട്ടി നടന്നുപോയ സാധാരണ മനുഷ്യരാണ് ചരിത്രത്തിന്റെ യഥാർത്ഥ സ്രഷ്ടാക്കളെന്ന് നാം അറിയാറില്ല. ജോസഫ് ചെതലന്റെ 'പുഴയൊരം സാക്ഷി' അത്തരമൊരു സാധാരണ മനുഷ്യൻ നടന്നുപോയ വഴികളിലെ മാഞ്ഞുപോയ മുദ്രകളാണ്. അതിൽ അതിനാടകീയതകളൊന്നുമില്ല.

ക്രിസ്തുവർഷം 52-ൽ സെന്റ് തോമസ് കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി നമ്പൂതിരിമാരെ നസ്രാണികളാക്കിയെന്ന അതിഭാവുകത്വംപോലുള്ള കാര്യങ്ങൾ ഇതിലുണ്ടെങ്കിൽ മനുഷ്യന്റെ ജീവൽതുടിപ്പുകൾ സ്പന്ദിക്കുന്നതാണ് ഈ ചെറുപുസ്തകത്തിൽ.

ഇങ്ങിനെയുള്ള പ്രാദേശിക ചരിത്രങ്ങളാണ് നമ്മുടെ ചരിത്രവഴികളിൽ പുതഞ്ഞുപോയ നാഴികക്കല്ലുകൾ. കാലം അവ, എപ്പോഴെങ്കിലും കണ്ടെത്തിക്കൂടെന്നില്ല. വാർധക്യത്തിന്റെ അവശതകളെ പടിക്കുപുറത്ത് നിർത്താൻ ചെറുവഴികളിലൂടെയും, വരണ്ട പുഴയോരങ്ങളിലൂടെയും, സന്ധ്യാവെളിച്ചത്തിൽ ഊന്നുവടിയിൽ നടന്ന് നീങ്ങുമ്പോൾ വീണുകിട്ടുന്ന വാക്കുകൾ ജീവിതത്തിന്റെ നൈരന്തര്യം കേൾക്കാൻ ഇഷ്ടപ്പെടുന്ന പുതുതലമുറയക്ക് ഗുണം ചെയ്യും.

◆

# Palliative Care Because I Matter

Ankita Reghunath
Bharathiya Vidya Bhavan
Poochatty

I remember my mother telling me about her patient once. He was a husband and father of an infant. When they told him that his disease was terminal, he could not even find the words to speak. He stopped talking to his family, stopped eating and even stopped sleeping. The doctors said that there was nothing more they could do. He felt no point in living.



This patient is one among billions. Less than 1% of patients have access to palliative care in India. The other 99% are told there is nothing more to be done. This is the state of health care in developing countries all over the world. Palliative care is a holistic treatment which gives importance to the person over their disease. To patients like the one i mentioned, palliative care can be the difference between life and death. Death comes for all of us but life in death is a unique blessing that can be ensured by palliative care.

What makes palliative care different is its unique approach towards medicine by combining science and compassion. This compassion is the secret ingredient which makes palliative care so effective. Giving percedence to the patient's mental and spiritual well being has been proven to work wonders for the patient's physical health too. This gentle and kind approach is a turning point in modern medicine and a step forward for humanity "cure is limited, care is unlimited". This is one of the basic tenets of palliative care suffer from life-limiting progressive and even terminal disease. Most are in a very advanced stage of the disease. In the figurative sense, palliative care becomes a life saver for them. In the depths of grief isolation and despair,

this care might be their only path towards a peaceful death. It is not only the patients that suffer from psychological damage. Sometimes, it is their spouses, their friends, their mothers that suffer even more. Respite care is a service that exists specially for these bystanders who have been physically and emotionally drained in their roles as caretakers. It provides them a few days of rest and recuperation which can make all the difference. So, the effects of palliative care extend beyond the patient and becomes an enveloping cloak of protection to all the affected.

Perhaps, the real strength of palliative care is the importance it gives to the person. A doctor sees the patient as a bundle of organs but a true healer sees the patient as a human being first and foremost. According to WHO, it is a person's physical, emotional and spiritual wellbeing that makes them healthy, not just the absense of the disease. Depression, grief, loneliness are real problems that require extensive care and counselling. What palliative care does is elevate a patient to a person. Every single person matters. Their dreams disappointments and aspirations matter. Their life, their house, their family matters. They are more than a bundle of organs. They are more than a disease. Dame Cicily, the founder of the first hospice, recognised this. Her innate empathy and selflessness is still the driving force behind modern palliative care therapy.

We matter too what we do matters, Palliative care gives us the satisfaction of knowing that we contributed towards a person's happiness. whether that is comforting an ailing grand father at home or volunteering at the local old age home, we all have the power to change a person's life for the better. The motto of the Nairobi Hospice is "Add life to their days, not just days to their life" Palliative care takes an unfamiliar and often painful situation and converts it into an opportunity to show your humanity and exude life into the dead. This is our chance to make a difference. I matter. What I do matters. So I will do everything in my power to make others lives matter. This is the crux of palliative care therapy. So, make everything you do matter.

◆

റഫീക്ക് അഹമ്മദ്

## ഒറ്റമുറി



കിടപ്പിലായാൽ
ഒറ്റമുറിയുള്ള ഒരു ചെറുവീടിനുപോലും
ഒരു വലിയ ലോകമാവാൻ കഴിയും.
തൊട്ടപ്പുറത്തേക്ക് ഒരു കടൽ ദൂരം
തൊട്ടടുത്ത ആളിലേക്ക് ഒരു ജന്മദൂരം.
നിങ്ങളുടെ ഭാഷ
ആർക്കും മനസ്സിലാവാതെയാവാം.
മറ്റുള്ളവരുടെ ശബ്ദം
ഒരു പ്രകാശവർഷത്തിനപ്പുറത്താവാം.
ടീപോയ്മേൽ ഇരിക്കുന്ന ഗ്ലാസിലേക്ക്
നീളുന്ന നിങ്ങളുടെ കൈ
ഒരു വിദേശ രാജ്യത്തിലേക്ക് നീളുകയാണ്.
ഫ്ളവർവേസിലെ വാടിയപൂക്കൾ
എടുത്തു വലിച്ചെറിയാൻ,
പഴയ മാസിക കൈയെത്തിപ്പിടിക്കാൻ
കാറ്റിന്റെ ഗതിക്ക് സഞ്ചരിക്കുന്ന
ഒരു പായ്ക്കപ്പലാവും നിങ്ങൾ
ഒരു ചെറുമറുപടിക്ക് നിങ്ങളിലേക്കെത്തുവാൻ
ചെവിമടക്കുകളിലെ ഒരുപാട് കുന്നുകളും
താഴ്വരകളും താണ്ടേണ്ടതായി വരും.
ഒറ്റമുറിയുള്ള ആ വീടിനകത്ത് സമയം
പലതായിരിക്കും.
ഒരു വാർത്തക്കും തണുത്തു മരവിക്കാതെ
നിങ്ങളുടെ അടുത്തെത്താനാവുകയില്ല.
ഇതുവരെ കാത്തിരുന്ന ഒന്നിനും വേണ്ടിയല്ല
ഇപ്പോൾ നിങ്ങൾ കാത്തിരിക്കുന്നത്.
കിടപ്പിലായാൽ
ലോകം നാലു ചുവരുകൾക്കുള്ളിലേക്ക്
ഒതുങ്ങുകയല്ല,
മുറി ഒരു വലിയ ലോകമാവുകയാണ്.
മുമ്പൊരിക്കലുമില്ലാത്തവണ്ണം
നിങ്ങളുടെ ശരീരം നിങ്ങൾക്ക്
ഒരയൽപ്പക്കമാവുകയാണ്.

*(മാധ്യമത്തിൽ പ്രസിദ്ധീകരിച്ച കവിതയുടെ പുനരാവിഷ്ക്കാരം)*

# നാട്ടുവെളിച്ചം അണഞ്ഞിട്ടില്ല

◗ ലില്ലി ബിജു

**പഴയ** ജില്ലാശുപത്രി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ സുഭദ്രച്ചേച്ചി കയറി വന്നത് ഒരു ശനിയാഴ്ച വൈകീട്ട് നാലര മണിക്കായിരുന്നു. ചേച്ചിയുടെ ഭർത്താവ് ഭാസ്ക്കരനും കൂടെയുണ്ട്. ഭാസ്ക്കരൻ കാൻസർ രോഗിയാണ്. കരളിലാണ് രോഗം ആരംഭിച്ചത്. ഡോക്ടർമാരെല്ലാം പൊയ്ക്കഴിഞ്ഞല്ലൊ!. എന്താണ് ഇത്ര വൈകിയത്? സന്നദ്ധപ്രവർത്തകന്റെ ചോദ്യത്തിന് സുഭദ്ര ചേച്ചിയുടെ മറുപടി ഗദ്ഗദത്തിൽ കുരുങ്ങിയെങ്കിലും ഞങ്ങൾക്ക് വ്യക്തമായി മനസ്സിലായി. ഇവിടെ വന്നുപോകാൻ മുപ്പതുരൂപ വേണ്ടേ സാറേ! ഭർത്താവ് കിടപ്പിലായതു മുതൽ മുപ്പതു രൂപ പൊയിട്ട് മൂന്നുരൂപയ്ക്ക് പോലും എനിക്ക് അന്യരെ ആശ്രയിക്കണം. ഭർത്താവിനെ ശുശ്രൂഷിക്കേണ്ടി വരുന്നതിനാൽ ശനിയും ഞായറും ദിവസങ്ങളിൽ മാത്രമേ എനിക്ക് കൂലിപ്പണിയ്ക്ക് പോകാൻ കഴിയൂ. സ്കൂൾ അവധിയാകയാൽ ആഴ്ചയിൽ ഈ രണ്ടു ദിവസങ്ങളിൽ മക്കൾ അവരുടെ അച്ഛനെ ശുശ്രൂഷിച്ചുകൊള്ളും. സന്നദ്ധപ്രവർത്തകൻ രണ്ടു പേരോടും ഇരിക്കാൻ ആവശ്യപ്പെട്ടു.

ഭാസ്ക്കരനെയും താങ്ങി സുഭദ്രച്ചേച്ചി ആദ്യം വന്ന ദിവസം എനിക്ക് മറക്കാൻ കഴിയില്ല. അന്ന് ചേച്ചി കരഞ്ഞപ്പോൾ ആശ്വസിപ്പിച്ചത് ഞാനായിരുന്നു. ഭാസ്ക്കരനും ആ കാര്യം ഓർമ്മയുണ്ടാകണം. അതുകൊണ്ടാണ് എന്നെ കണ്ടപ്പോൾ അദ്ദേഹം ഒന്നു ചിരിക്കാൻ ശ്രമിച്ചത്. ഫയലിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സന്നദ്ധപ്രവർത്തകയുടെ സീനിയറായി സ്കൂളിൽ പഠിച്ചിരുന്നയാളായിരുന്നു, ഭാസ്ക്കരനെന്ന് ഞാൻ അറിഞ്ഞു. പഠനത്തിൽ പിന്നോക്കമായിരുന്നുവെങ്കിലും കളികളിൽ ഒന്നാമനായിരുന്നു. എത്ര മെഡലുകളും ട്രോഫികളുമാണ് ഭാസ്ക്കരന്റെ നേതൃത്വത്തിലുള്ള കളിക്കാർ സ്കൂളിന് നേടിക്കൊടുത്തത്! ആൺകുട്ടികളും പെൺകുട്ടികളും ഭാസ്ക്കരനെ ബഹുമാനിച്ചിരുന്നു. പലരും ഭാസ്ക്കരന്റെ അടുത്തുചെല്ലാൻ പോലും ഭയന്നു; നല്ല ഉയരം കരുത്തുറ്റ ശരീരം; പരുക്കൻ ശബ്ദം.

കളിച്ചാൽ മാത്രം പോരാ. പത്താം ക്ലാസ്സ് പാസാകുകയെങ്കിലും വേണമെന്ന് അദ്ധ്യാപകർ ഭാസ്ക്കരനോട് പറഞ്ഞിരുന്നു. ഹെഡ്മാസ്റ്ററും പി.റ്റി. മാഷും ഭാസ്ക്കരന് പ്രത്യേക ട്യൂഷൻ ഏർപ്പാടാക്കിയിരുന്നു. പക്ഷേ ഭാസ്ക്കരൻ ട്യൂഷൻ ക്ലാസ് ഒഴിവാക്കി. പത്താംക്ലാസ് പരീക്ഷ എഴുതിയില്ല. എങ്കിലും നാട്ടുകാർക്ക് ഭാസ്ക്കരനെ ഇഷ്ടമായിരുന്നു. ആരെയും സഹായിക്കാൻ ഭാസ്ക്കരൻ സന്മനസ്സ് കാണിച്ചിരുന്നു. അദ്ധ്വാനശീലനായിരുന്നു. ചെറുപ്രായത്തിൽ തന്നെ അച്ഛൻ മരിച്ചതിനെ തുടർന്ന് അമ്മ ഭാസ്ക്കരനെ വളരെ കരുതലോടെയാണ് വളർത്തിക്കൊണ്ടുവന്നത്.

ഭാസ്ക്കരൻ നാട്ടിലെ ചില ചട്ടമ്പികളുടെ കൂട്ടുകാരനായി മാറിയത് പെട്ടെന്നായിരുന്നു. പുകവലിയും മദ്യപാനവും ആരംഭിച്ചു. വിവാഹം കഴിച്ചാൽ എല്ലാം ശരിയാകുമെന്ന് കരുതി അമ്മ മകന്റെ വിവാഹവും നടത്തി. സുഭദ്രച്ചേച്ചി ഭാര്യയായി വന്നു കയറിയ ശേഷം കഷ്ടിച്ച് ഒരു മാസം ഭാസ്ക്കരൻ ദുശ്ശീലങ്ങൾ ഒഴിവാക്കിയെങ്കിലും വീണ്ടും മദ്യോപഭോഗത്തിലേയ്ക്കും പുകവലിയിലേക്കും വഴുതി വീണു. മദ്യപിച്ച് വന്ന് ഭാര്യയെ ഉപദ്രവിക്കാൻ തുടങ്ങി. ഒരിക്കൽ സുഭദ്രച്ചേച്ചിയെ അടിക്കാൻ കയ്യോങ്ങിയപ്പോൾ അമ്മ തടുത്തു. കുപിതനായ ഭാസ്ക്കരൻ അമ്മയെയും തല്ലി. അന്നുരാത്രി അമ്മ ആത്മഹത്യ ചെയ്തു. സുഭദ്രച്ചേച്ചി എന്നോട് ഈ കാര്യങ്ങളൊക്കെ വിശദീകരിച്ചിരുന്നു.

സന്നദ്ധപ്രവർത്തകന് ഈ കാര്യങ്ങളൊക്കെ അറിയാം. സമയം കിട്ടുമ്പോഴൊക്കെ രോഗികളുടെ ഫയലുകൾ പഠിക്കുന്നത് അദ്ദേഹം വളർത്തിയെടുത്ത ഒരു ശീലമാണ്. ഇടയ്ക്ക് ചില നോട്ടുകൾ കുറിയ്ക്കുന്നതും കാണാം. വായ, തൊണ്ട, ശബ്ദപേടകം, അന്നനാളം, കരൾ, വൻകുടൽ എന്നീ ഭാഗങ്ങളിൽ കാൻസർ ഉണ്ടാകാനുള്ള സാദ്ധ്യത മദ്യപാനം മൂലം വർദ്ധിക്കുമെന്ന് ഞങ്ങളുടെ നാട്ടിൽ വന്ന് അദ്ദേഹം പ്രസംഗിച്ചത് എനിക്ക് ഓർമ്മയുണ്ട്. ഒരിക്കൽ ഗൃഹപരിചരണത്തിന്റെ ഭാഗമായി അദ്ദേഹം ഭാസ്ക്കരന്റെ വീട്ടിലും പോയിരുന്നുവെന്ന് എനിക്ക് അറിയാം. സന്നദ്ധപ്രവർത്തകൻ എന്നോട് പറഞ്ഞു: രോഗിയുടെ കുടുംബത്തിന്റെ പല കാര്യങ്ങളും നമുക്ക് അറിയാൻ കഴിയും. രോഗിയുടെയും കുടുംബത്തിന്റെയും ജീവിതഗുണനില ഉയർത്താൻ ഈ അറിവുകൾ നമ്മെ സഹായിക്കും. ഈ കാര്യങ്ങൾ വിശദീകരിച്ച് കുറ്റവിചാരണ ചെയ്യാൻ നമ്മൾ ഒരിക്കലും മുതിർന്നുകൂടാ. അങ്ങനെ ചെയ്യാൻ ശ്രമിക്കുന്നത് സാന്ത്വന പരിചരണത്തിന്റെ രീതിയല്ല. രോഗിയും കുടുംബവും നമ്മോട് പല കാര്യങ്ങളും വെളിപ്പെടുത്തും. സാന്ത്വന പരിചരണ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരും നഴ്സുമാരും ഫിസിയോതെറാപ്പിസ്റ്റുകളുമടങ്ങുന്ന പ്രൊഫഷനലുകളും സന്നദ്ധപ്രവർത്തകരും ആശ്വാസവചനങ്ങൾ മാത്രമേ പറയാവൂ. ഇനി എങ്ങനെ ജീവിതം മെച്ചപ്പെടുത്താം? അതിന് നമുക്ക് എന്ത് ചെയ്യാൻ കഴിയും? അവരുമായി ചർച്ച ചെയ്യുക. അവർക്ക് കൈത്താങ്ങ് ആകുക!

വളരെ ബുദ്ധിമുട്ടുതോന്നുന്നുവെങ്കിൽ ഭാസ്ക്കരനെ തൊട്ടടുത്ത ജില്ലാശുപത്രിയിൽ പ്രവേശിപ്പിക്കാം. തിങ്കളാഴ്ച രാവിലെ സാന്ത്വന പരിചരണകേന്ദ്രത്തിൽ കൊണ്ടുവരാം. സന്നദ്ധപ്രവർത്തകന്റെ നിർദ്ദേശം സുഭദ്രച്ചേച്ചിയ്ക്ക് ഇഷ്ടമായി. പക്ഷേ വീട്ടിൽ തിരിച്ചുപൊയ്ക്കാള്ളാമെന്നും തിങ്കളാഴ്ച ക്ലിനിക്കിൽ വരാമെന്നുമാണ് മറുപടി പറഞ്ഞത്. അത്രയും സമയത്തേയ്ക്ക് വേണ്ട മരുന്നുകൾ കയ്യിലുണ്ട്.

ദമ്പതികൾ തിരിച്ച് നടന്നപ്പോൾ ഞാൻ സന്നദ്ധപ്രവർത്തകനായ സാറിനോട് ചോദിച്ചു: സ്ത്രീകൾ വീടിനുള്ളിൽ എത്രമാത്രം വേദനിച്ചാണ് കഴിയുന്നത് എന്ന് അറിയാമോ? ഇനി വീട്ടിൽ ചെന്നിട്ടു വേണം സുഭദ്രച്ചേച്ചിയ്ക്ക് അത്താഴം തയ്യാറാക്കാൻ. ഞാൻ അവർക്ക് ഒരു ചായ ഉണ്ടാക്കി കൊടുത്താലോ? അവരെ തിരിച്ച് വിളിക്ക്. ലില്ലി ചായ ഉണ്ടാക്കുമ്പോഴേയ്ക്കും ഞാൻ തിരിച്ചെത്താം. ഞാൻ ചായയുണ്ടാക്കാൻ തുടങ്ങിയപ്പോൾ സാറ് സ്കൂട്ടറുമെടുത്ത് പാഞ്ഞു.

ദമ്പതികൾ ചുടുചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ സാറ് സ്കൂട്ടറിൽ തിരിച്ചെത്തി. സ്കൂട്ടറിനു പിറകിൽ ഒരു പാക്കറ്റുമായി ഹോട്ടൽ ജീവനക്കാരെന്നു തോന്നിച്ച മറ്റൊരാളുമുണ്ടായിരുന്നു. നാലുപേർക്കുള്ള അത്താഴമാണ് പൊതിഞ്ഞുകൊണ്ടുവന്നിരിക്കുന്നത്. ഭക്ഷണം രോഗിയുടെ കുടുംബത്തിനാണെന്നറിഞ്ഞപ്പോൾ ഹോട്ടലുടമ പണം വാങ്ങിയില്ല. മാത്രമല്ല, ഡ്യൂട്ടി കഴിഞ്ഞ ഒരു ജീവനക്കാരനോട് ഭക്ഷണം രോഗിയ്ക്ക് നേരിട്ട് എത്തിക്കാനും ആവശ്യപ്പെട്ടു. ചായ കുടിച്ച് കഴിഞ്ഞപ്പോൾ ഹോട്ടൽ ജീവനക്കാരൻ ദമ്പതികൾക്ക് പോകാൻ ഓട്ടോറിക്ഷ വിളിച്ചുകൊണ്ടുവന്നു. ഓട്ടോകൂലി അയാൾ സ്വന്തം പോക്കറ്റിൽ നിന്ന് എടുത്ത് നല്കുകയും ചെയ്തു.

അപ്പോഴാണ് നേരം വൈകിയെന്ന് ഞാൻ ഓർത്തത്. മൊബൈലിൽ മകന്റെ വിളി വന്നു. അമ്മ എന്താണ് ഇത്ര വൈകുന്നത്? ഞാൻ ബസ് സ്റ്റോപ്പിൽ എത്തണമോ? വേണ്ട മോനേ, നാട്ടുവെളിച്ചം അണഞ്ഞിട്ടില്ല. എന്റെ മറുപടി മകന് പൂർണമായി മനസ്സിലായിട്ടുണ്ടാകില്ല.

◆

Quarterly of **PAIN AND PALLIATIVE CARE SOCIETY, THRISSUR**
(Private circulation only)



*Handing over function of medicines of Rs: 507822/- to patients of Pain and Palliative Care Society, Thrissur, Kerala on 2nd April 2019 under CSR 2018- 19 of M/s. GIC Housing Finance Ltd, Mumbai.*

From

Address : ..........................................................................

..............................................................................................

..............................................................................................

..............................................................................................

Rs: .............................. (Rupees......................................................................only)

by cash / cheque / DD No. ............................................. dated ................................

**as donation** in favour of Pain and Palliative Care Society, Thrissur. You may also transfer to our SB A/c **7752500100057301** with Karnataka Bank Ltd., Round East, Thrissur, Kerala - 680 001. Branch, **IFSC Code: KARB0000775**

The Secretary
**Pain and Palliative Care Society**
Old District Hospital Building
Thrissur - 680 001

*Donation to the Society are exempted from Income Tax under Section 80G.*

Printed and Published by Pain and Palliative Care Society, Thrissur. Phone : **94471 30271 (Indira Gopinath)**
Printed at iMAC Creations, Thrissur - 680 001. Ph : 0487-2420784. Managing Editor : Secretary, PPCS